I. ഇ.ബി. XV-കേരള നിയമസഭ/XVI-3

**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2026 ജനുവരി 22, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I. ചരമോപചാരം**

ബാബു എം. പാലിശ്ശേരി, എം. ആർ. രഘുചന്ദ്രബാൽ, കെ. കെ. നാരായണൻ, പി. എം. മാത്യു, വി. കെ. ഇബ്രാഹിം കുഞ്ഞ്, തോമസ് കുതിരവട്ടം എന്നിവരുടെ നിര്യാണം

മുൻ നിയമസഭാ സാമാജികരായ ബാബു എം. പാലിശ്ശേരി, കെ. കെ. നാരായണൻ, പി. എം. മാത്യു, മുൻ മന്ത്രിമാരായ എം. ആർ. രഘുചന്ദ്രബാൽ, വി. കെ. ഇബ്രാഹിം കുഞ്ഞ്, മുൻ രാജ്യസഭാംഗമായ തോമസ് കുതിരവട്ടം എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

**II. ചെയർപേഴ്സൺമാരുടെ പാനൽ**

ശ്രീമതി ശാന്തകുമാരി കെ., ശ്രീമതി ഒ. എസ്. അംബിക, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനകാലത്തെ ചെയർപേഴ്സൺമാരുടെ പാനലിലേക്ക് നാമനിർദേശം ചെയ്തു.

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദവുമായി ബന്ധപ്പെട്ട് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നും ദേവസ്വം ബോർഡ് പ്രസിഡന്റിനെ പുറത്താക്കണമെന്നും എസ്.ഐ.റ്റി.-യുടെ മേൽ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നുള്ള സമ്മർദ്ദം അവസാനിപ്പിക്കണമെന്നുമാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ സമരത്തിലാണെന്നും സഭാനടപടികളുമായി സഹകരിക്കാൻ ബുദ്ധിമുട്ടാണെന്നും

പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

## III. ശ്രദ്ധക്ഷണിക്കൽ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പരിഷ്കരണത്തിലെ അപാകതകൾ

ശ്രീ. സി. കെ. ഹരീന്ദ്രൻ: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പേര് വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) എന്ന് മാറ്റംവരുത്തിക്കൊണ്ട് ആധാർ അധിഷ്ഠിത ബാങ്ക് അക്കൗണ്ടുകൾ ഇല്ലാത്ത കുടുംബങ്ങളെ പദ്ധതിയിൽനിന്ന് ഒഴിവാക്കുന്നതിനും കേന്ദ്ര വിഹിതത്തിൽ കുറവുവരുത്തി സംസ്ഥാനങ്ങളുടെമേൽ കടുത്ത സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിച്ചതിനുമെതിരെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. പ്രസ്തുത പദ്ധതിപ്രകാരം തൊഴിൽദിനങ്ങൾ 125 ആയി വർധിപ്പിക്കുമ്പോൾ സംസ്ഥാന സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത സംബന്ധിച്ച് വ്യക്തമാക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഒന്നാം യു.പി.എ. ഗവൺമെന്റ് നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് വെട്ടിക്കുറയ്ക്കുകയുണ്ടായി. തൊഴിൽ ദിനങ്ങൾ വർധിപ്പിച്ച് തൊഴിലുറപ്പ് പദ്ധതി ഇന്നത്തെ നിലയിൽ നടപ്പാക്കണമെങ്കിൽ 3544 കോടി രൂപയുടെ അധിക ബാധ്യത സംസ്ഥാന സർക്കാരിനുണ്ടാകും.

(വിശദമായ മറുപടി മേശപ്പുറത്ത് വച്ചു)

(നോട്ടീസ് നൽകിയ അംഗം ശ്രീ. ടി. ജെ. വിനോദ് സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

## IV സബ്മിഷൻ

(1) എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ സ്കൂൾ ബസ്സുകൾ വാങ്ങുന്നതിന് ഫണ്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ: സ്കൂൾ ബസ്സുകൾ വാങ്ങുന്നതിന് എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ അനുവദിച്ചിട്ടുള്ള ഫണ്ട് യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സ്കൂൾ ബസ്സുകൾ വാങ്ങുന്നതിന് അഡ്വാൻസായി പണം കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

(2) ചാലക്കുടി റിവർ ഡൈവേർഷൻ പദ്ധതിയിലെ പ്രതിസന്ധി

ശ്രീ. കെ. കെ. രാമചന്ദ്രൻ: ജനങ്ങൾ ജലസേചനത്തിനും കുടിവെള്ളത്തിനുമായി ആശ്രയിക്കുന്ന ചാലക്കുടി റിവർ ഡൈവേർഷൻ പദ്ധതിയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(3) എയ്ഡഡ് സ്കൂളുകളിലെ സ്ഥിര അധ്യാപക നിയമനം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: എയ്ഡഡ് സ്കൂളുകളിൽ സ്ഥിര അധ്യാപക നിയമനം നടത്തുന്നതിനും അധ്യാപകർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ എത്രയുംവേഗം ലഭ്യമാക്കുന്നതിനും ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് എൻ.എസ്.എസ്. മാനേജ്മെന്റിന് ലഭിച്ച അനുമതി എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ മറ്റ് മാനേജ്മെന്റുകൾക്കും നൽകുന്നതിനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(4) മാവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ

ശ്രീ. പി. ടി. എ. റഹീം: മാവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): മാവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ 20-01-2026-ന് ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

## V. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VI. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച

ശ്രീ. ടി. പി. രാമകൃഷ്ണൻ: "2026 ജനുവരി 20-ന് ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഉപക്ഷേപത്തിന് ഭേദഗതി നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. ടി. പി. രാമകൃഷ്ണൻ: ഭരണഘടനാപരമായ തത്വങ്ങൾ ലംഘിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട ഗവർണ്ണർ പ്രസംഗം അവതരിപ്പിച്ചതെങ്കിലും ഭരണഘടനാ മൂല്യങ്ങളും ജനാധിപത്യവും സംരക്ഷിക്കുന്നതിനായി ഗവൺമെന്റ് സ്വീകരിച്ച നടപടി മാതൃകാപരമാണ്. കേരളത്തിൽ വിജ്ഞാനാധിഷ്ഠിത വികസിത നവകേരളം സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാരിന്റെ വിവിധ ക്ഷേമ വികസന പദ്ധതികൾ രാജ്യത്തിനാകെ മാതൃകയാണ്. കിഫ്ബിയിലൂടെ 1190 പദ്ധതികളിലായി 90,562 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ച സർക്കാരിന്റെ നടപടി ശ്ലാഘനീയമാണ്. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ഉപരോധത്തെ മറികടന്ന് സ്വന്തമായ വിഭവസമാഹരണത്തിലൂടെ സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ തുടരുകയാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയിലൂടെ 62 ലക്ഷം പേർക്ക് പ്രതിമാസം 2,000 രൂപയും സ്ത്രീ സുരക്ഷാ പദ്ധതിയിലൂടെ 34 ലക്ഷം പേർക്ക് 1,000 രൂപയും ലഭ്യമാക്കുന്നത് അഭിനന്ദനാർഹമാണ്.

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയിൽ നടപടികൾ നിർത്തിവയ്ക്കണമെന്ന 17 ഉപക്ഷേപങ്ങൾ ചർച്ചയ്ക്കെടുത്തിട്ടുണ്ട്. ഏത് വിഷയവും ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണെന്നിരിക്കെ ഒരു നോട്ടീസ് പോലും നൽകാതെ പ്രതിപക്ഷം സഭാ നടപടികൾ തടസ്സപ്പെടുത്തുന്ന രീതി പാർലമെന്ററി ഡെമോക്രസിയിൽ അനുകരിക്കേണ്ട മാതൃകയല്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 23-01-2026-ന് സഭാ സമ്മേളനം ഒഴിവാക്കി ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച 27-01-2026-ന് തുടരുന്നതാകും നല്ലത്.

മി. സ്പീക്കർ: 23-01-2026-ലെ സഭാ സമ്മേളനം ഒഴിവാക്കി ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച 27-01-2026 -ന് തുടരുന്നതാണ്.

(സഭ രാവിലെ 9.59-ന് പിരിഞ്ഞു.)